LIBRARY ARCHIVES Kerala Legislative Assembly

മലയാളം നിർബന്ധമാക്കാൻ നടപടി

55(2911) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ മലയാളം നിർബന്ധമായും പഠിപ്പിക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) 1-9-2011-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 183/2011/പൊ.വി. പ്രകാരം സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാള ഭാഷാപഠനം നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും മലയാള ഭാഷാപഠനവുമായി ബന്ധപ്പെട്ട് കർമ്മപദ്ധതികളൊന്നും തന്നെ പൊതുവിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ ആവിഷ്കരിച്ചിട്ടില്ല.

കരുത്ത് പദ്ധതി

56(2912) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ കരുത്ത് പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ബി) ഏതൊക്കെ ആയോധന കലകളിൽ ഏതെല്ലാം വിഭാഗത്തിനാണ് പരിശീലനം നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കരുത്ത് പദ്ധതി ലക്ഷ്യമിടുന്നതെന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആയോധന കലകളായ കരാട്ടെ, തായ്ക്കൊണ്ടാ, കുങ്ഫു, വുഷു തുടങ്ങിയവയിൽ ഹയർസെക്കണ്ടറി പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്. ഇതിനുപുറമേ കരാട്ടെ, കുങ്ഫു തുടങ്ങിയ ആയോധന കലകളിൽ എല്ലാ ബി.ആർ.സി.-കളിലും 30 പെൺകുട്ടികൾക്ക് എസ്.എസ്.എ. മുഖേനയും പരിശീലനം നൽകിവരുന്നു.